**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 562** — **21-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായൽ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കായൽ ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിനോദ സഞ്ചാര വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കായൽ ടൂറിസത്തിന്റെ പ്രധാന ഡെസ്റ്റിനേഷനുകളിൽ ഒന്നായ കുമരകത്തെ സ്വദേശ് ദർശൻ 2.0 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായൽ ടൂറിസം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കായൽ മേഖലകളിൽ ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനു വിവിധ പദ്ധതികളിലൂടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഹൗസ് ബോട്ട് യാത്ര ഉൾപ്പെടുന്ന മേഖലയാണു കായൽ ടൂറിസത്തിന്റെ മുഖ്യ ഘടകമെന്നതിനാൽ ഹൗസ് ബോട്ടുകൾക്കായി വകുപ്പ് ഒട്ടേറെ ബോട്ട് ടെർമിനലുകൾ നിർമിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പുന്നമട ഫിനിഷിങ് പോയിന്റിലെ ഹൗസ് ബോട്ട് ടെർമിനലും ബോട്ട് ലാൻഡിങ് ഏരിയയുമാണ് ഇതിൽ പ്രധാനം. ഇതിനു പുറമെ അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ, കഞ്ഞിപ്പാടം ഹൗസ് ബോട്ട് ടെർമിനൽ, കരുമാടി വിളക്കുമരം നൈറ്റ് ഹാൾട്ട് ടെർമിനൽ, തഴുപ്പിലെ മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ്, തണ്ണീർമുക്കം ഹൗസ് ബോട്ട് ടെർമിനൽ, നെടുമുടി ഹൗസ് ബോട്ട് ടെർമിനൽ, തോട്ടപ്പള്ളി ഹൗസ് ബോട്ട് ടെർമിനൽ, കായംകുളം ഹൗസ് ബോട്ട് ടെർമിനൽ, വട്ടക്കായൽ നൈറ്റ് ഹാൾട്ട് ടെർമിനൽ എന്നിവയും പ്രവർത്തനക്ഷമമാണ്.<br><br>ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കാനുള്ള നടപടിയും വകുപ്പ് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കുമരകത്തും, ആലപ്പുഴ എച്ച് ബ്ലോക്കിലും ഓരോ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കായലിൽ സർവീസ് നടത്തുന്ന ഹൗസ് ബോട്ടുകളിൽ നിന്നു ശുചിമുറി മാലിന്യം ശേഖരിച്ച് കുമരകം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കാനായി 15 ക്യൂ മീറ്റർ ശേഷിയുള്ള സീവേജ് ബാർജും വകുപ്പിനുണ്ട്.<br><br>കുമരകം കവണാറ്റിൻകര ചീപ്പുങ്കൽ എന്നിവിടങ്ങളിൽ ബോട്ട് ലാൻഡിങ് എരിയയും നാലുപങ്കിൽ ഹൗസ് ബോട്ട് ടെർമിനലും വിനോദ സഞ്ചാര വകുപ്പ് നിർമിച്ചിട്ടുണ്ട്.<br><br>കായൽ ടൂറിസവുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര പ്രാധാന്യമുള്ള കേന്ദ്രങ്ങൾ ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയിലെ വേളി കായൽ ടൂറിസം വില്ലേജ്, കഠിനംകുളം അഞ്ചുതെങ്ങ് ബാക്ക് വാട്ടർ കോറിഡോർ ടൂറിസം പദ്ധതി, കാപ്പിൽ കായൽ തീരത്തെ ബോട്ട്ക്ലബ്, കൊല്ലം ജില്ലയിലെ അഷ്ടമുടി - മൺറോ, പരവൂർ -പൊഴിക്കര ബോട്ട് ജെട്ടി, മലപ്പുറം - ബിയ്യം കായൽ, കണ്ണൂർ ജില്ലയിലെ കവ്വായി കായലിലെ ബോട്ട് ജെട്ടി കാസറഗോഡ് വലിയപറമ്പ് കായലിലെ വാടയ്ക്കൽ, മാവിലക്കടപ്പുറം ബോട്ട് ജെട്ടികൾ എന്നിവ വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുകയാണ്.<br><br>കായൽ ടൂറിസം കൂടുതൽ ആകർഷകമാക്കാൻ വിനോദ സഞ്ചാര വകുപ്പ് 2019ൽ ചാംപ്യൻസ് ബോട്ട് ലീഗ് (സി. ബി. എൽ.) ആരംഭിച്ചിരുന്നു. കോവിഡ് മഹാമാരി മൂലം 2020 – 21 കാലത്തു മുടങ്ങിയ സി. ബി. എൽ., 2022ൽ മികച്ച ജനപങ്കാളിത്തത്തോടെ പുനഃരാരംഭിച്ചു.<br><br>കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ആക്കുളം കായൽ പുനരുജ്ജീവനത്തിനുള്ള പദ്ധതിക്ക് 24.02.2023ലെ സ. ഉ. (കൈ) നമ്പർ 10/2023/ടൂറിസം ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | അൻപത് കോടിയിലേറെ രൂപ ചെലവഴിച്ച് നിർമ്മിച്ച ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | ‘Development of Backwaters Circuit in Alappuzha in Backwater Region as a mega Circuit in Kerala’ എന്ന പദ്ധതിക്ക് 12.07.2013ലെ സ. ഉ. (സാധാ.) 5749/2013/ ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 47.62 കോടി രൂപ കേന്ദ്ര വിഹിതവും 4.63 കോടി രൂപ സംസ്ഥാന വിഹിതവും ചേർത്താണു പദ്ധതിക്ക് അനുമതി |

നൽകിയത്. 21 ഘടകങ്ങൾക്കായി മൊത്തം 52.25 കോടി ചെലവ് കണക്കാക്കി പദ്ധതിക്കു മുൻകൂർ വിഹിതമായി കേന്ദ്രം 9,52,00,000 രൂപ 31.03.2013, 13.05.2013, 30.09.2013 എന്നീ തീയതികളിലായി അനുവദിച്ചു.

തുടർന്നു കേന്ദ്ര ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ 14.12.2015ൽ ടൂറിസം മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പദ്ധതിക്കു ചെലവഴിച്ച തുക ടൂറിസം വകുപ്പിൽ നിന്നും ഏജൻസികൾക്കു നൽകാൻ തീരുമാനിച്ചു. 21 ഘടകങ്ങളിൽ 2 എണ്ണം ഒഴിവാക്കി ബാക്കി 19 പദ്ധതികളാണു നടപ്പാക്കാൻ ഉണ്ടായിരുന്നത്. ഇവയുടെ പുരോഗതി ഇപ്രകാരം ആണ്:

**<u>പൂർത്തിയാക്കിയ പദ്ധതികൾ:</u>**

1. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് അരൂക്കുറ്റി

2. കഞ്ഞിപ്പാടം ഹൗസ് ബോട്ട് ടെർമിനൽ

3. നൈറ്റ് ഹാൾട്ട് ടെർമിനൽ അറ്റ് കരുമാടി വിളക്കുമരം

4. മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് തഴപ്പ്

5. മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് വയ്യാങ്കരചിറ

6. മൈക്രോ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് അറ്റ് കുതിരവട്ടംചിറ

7. ഇംപ്രൂവ്മെന്റ് ഓഫ് വാടെ കനാൽ ആൻഡ് കൊമേർഷ്യൽ കനാൽ

8. ആലപ്പുഴ ഹെറിറ്റേജ് ബിൽഡിംഗ് ആൻഡ് സ്ട്രീറ്റ്സ് ഡവലപ്മെന്റ് ആസ് എ ടൂറിസം പാക്കേജ്

9. ഡവലപ്മെന്റ് ഓഫ് വിജയാ പാർക്ക്

10. ഡലപ്മെന്റ് ഓഫ് സീ വ്യൂ പാർക്ക്

11. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് തണ്ണീർമുക്കം

12. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് നെടുമുടി

13. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് തോട്ടപ്പള്ളി

**<u>പ്രവർത്തനത്തിന് CRZ അനുമതി ലഭിക്കാനുള്ളവ:</u>**

1. ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ

| | | | |
|---|---|---|---|
| | | | 2. ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി<br><br>3. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കായംകുളം<br><br>**<u>ഇൻലാൻഡ് വാട്ടർ വേ അതോറിറ്റിയുടെ അനുമതി ലഭിക്കേണ്ടത്:</u>**<br><br>1. ഹൗസ് ബോട്ട് ടെർമിനൽ അറ്റ് പള്ളാത്തുരുത്തി<br><br>**<u>പണി പൂർത്തിയായെങ്കിലും പ്രളയത്തെ തുടർന്നു കേടുപാടുകൾ സംഭവിച്ച് അറ്റകുറ്റപ്പണി ആവശ്യമുള്ളത്:</u>**<br><br>1. നൈറ്റ് ഹാൾട്ട് ടെർമിനൽ അറ്റ് വട്ടക്കായൽ<br><br>**<u>പൂർത്തിയാക്കാൻ ബാക്കിയുള്ളത്:</u>**<br><br>1. എസ്റ്റാബ്ളിഷിംഗ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്സ്, വട്ടക്കായൽ |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പണികഴിപ്പിച്ച പത്തോളം ടെർമിനലുകൾ ഉപയോഗശൂന്യമായിരിക്കുകയാണോ എന്ന് അറിയിക്കുമോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയിലെ 19 ഘടകങ്ങളിൽ 13 എണ്ണം പൂർത്തീകരിച്ചു. ബാക്കി ആറെണ്ണത്തിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്:<br><br>ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ, ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി, ഹൗസ് ബോട്ട് ടെർമിനൽ അറ്റ് കായംകുളം എന്നിവയുടെ പ്രവർത്തനത്തിന് CRZ അനുമതി ലഭിക്കാനുണ്ട്.<br><br>പള്ളാത്തുരുത്തിയിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമാണം പൂർത്തിയായെങ്കിലും ഇൻലാൻഡ് വാട്ടർ വേ അതോറിട്ടിയുടെ അനുമതി ലഭിച്ചിട്ടില്ല.<br><br>വട്ടക്കായലിലെ നൈറ്റ് ഹാൾട്ട് ടെർമിനൽ പൂർത്തിയായെങ്കിലും പ്രളയത്തെ തുടർന്ന് കേടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുണ്ട്.<br><br>വട്ടക്കായലിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം പൂർത്തിയായിട്ടില്ല. കരാറുകാരനെ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്.<br><br>CRZ അനുമതി നേടാനും അറ്റകുറ്റപ്പണികൾ നടത്താനും നിർമാണം പൂർത്തിയാക്കാനുമുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ഡി) | പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയിലെ 19 ഘടകങ്ങളിൽ 13 എണ്ണം പൂർത്തീകരിച്ചു. ബാക്കി ആറെണ്ണത്തിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്:<br><br>ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് അർത്തുങ്കൽ, ഡവലപ്മെന്റ് ഓഫ് ബീച്ച് അറ്റ് തോട്ടപ്പള്ളി, ഹൗസ് |

| | | | |
|---|---|---|---|
| | | | ബോട്ട് ടെർമിനൽ അറ്റ് കായംകുളം എന്നിവയുടെ പ്രവർത്തനത്തിന് CRZ അനുമതി ലഭിക്കാനുണ്ട്.<br><br>പള്ളാത്തുരുത്തിയിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമാണം പൂർത്തിയായെങ്കിലും ഇൻലാൻഡ് വാട്ടർ വേ അതോറിട്ടിയുടെ അനുമതി ലഭിച്ചിട്ടില്ല.<br><br>വട്ടക്കായലിലെ നൈറ്റ് ഹാൾട്ട് ടെർമിനൽ പൂർത്തിയായെങ്കിലും പ്രളയത്തെ തുടർന്ന് കേടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുണ്ട്.<br><br>വട്ടക്കായലിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം പൂർത്തിയായിട്ടില്ല. കരാറുകാരനെ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്.<br><br>CRZ അനുമതി നേടാനും അറ്റകുറ്റപ്പണികൾ നടത്താനും നിർമാണം പൂർത്തിയാക്കാനുമുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ